(iii) Rs. 50,000.

(iv) & (v). The question has been under Government's consideration, but no decision has been arrived at owing to the cost involved.

The Narakkal-Malippuram and Nayarambalam canals.

Mr. PAULO MAMPILLI.

76. Will the Government be pleased to state how far the works of the Narakkal-Malippuram canal and the canal in the Nayarambalam village have progressed? Will the Government kindly see that the canals are finished this year?

Mr. V. K. ARAVINDAKSHA MENON.

(1) The Narakkal-Malippuram canal :—Land acquisition is completed and levels are taken for starting the work.

(2) The canal in the Nayarambalam village :—

The necessary sites promised by the owners free of cost for the work have not yet been handed over to the Public Works Department. The Revenue Department is attending to it. The work will be started soon after the sites are surrendered. Judging from the difficulty in getting the lands, it may not be possible to complete the work this year.

The Pottery works at Chalakkudi.

Mr. PAULO MAMPILLI.

77. (a) Will the Government kindly state why the Pottery Work was closed?

(b) In this connection, will the Government be pleased to state if it is aware that the Government Soap Factory at Calicut was working at a loss for years?

(c) Is the Government convinced that the Pottery Work will not be successful? If it is so, will the Government kindly state the expert opinion it obtained before the closing of the work was ordered?

Mr. V. K. ARAVINDAKSHA MENON.

(a) The member is referred to the answer to question No. 30.

(b) Government have no information.

(c) Vide answer to question No. 30.

The Cost of Bamboos.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂരി.

78. (a) സർക്കാർ മലകളിൽ നിന്ന് മുള മുറിക്കുന്നതിൽ കോൾ കൃഷിക്കാരോട് സർക്കാർ ആവശ്യപ്പെടുന്ന കൂറിക്കാണത്തിന്റെ നിരക്ക് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

(b) 1080-ൽ മുമ്പ് ആ നിരക്ക് എന്തായിരുന്നു? നിരക്ക് കൂട്ടുവാനുള്ള കാരണം എന്താണ്? നിരക്ക് കൂട്ടിയതുകൊണ്ട് കോഠി മുഖേന ഉള്ള കാർ ദോഷകരവും അധികച്ചിലവുള്ളതും ആയിട്ടുണ്ടോ?

(c) കോഠികൃഷിയാവശ്യത്തിന് കൊല്ലത്തോറും കുറിക്കാണത്തിന്മേൽ എത്ര ലക്ഷം മുളകൾ സർക്കാരിൽ നിന്ന് കൊടുക്കുന്നുണ്ട്?

(d) മുള, വള്ളി, തോല് (പച്ചഇല) മുതലായവ യഥാസൗകര്യം ലഭിക്കാത്തതുകൊണ്ട് കൃഷിക്ക് പൊതുവായും കോഠികൃഷിക്ക് പ്രത്യേകമായും വളരെ അസൗകര്യങ്ങളും വിഷമങ്ങളും സംഭവിക്കുന്നില്ലെ? ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ഗവർമ്മെണ്ട് എന്തുചെയ്വാൻ ഉദ്ദേശിക്കുന്നു?.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ.

(a) കുറിക്കാണനിരക്ക് 100-ന് 5 ക. ആകുന്നു. കോഠികൃഷിക്കാർക്ക് ഒരു പ്രത്യേക നിരക്കില്ല.

(b) 1074-ാമാണ്ട് അവസാനംവരെ 100-ന് ക. I ണ. 4-ം, 1075 മുതൽ 1080 വരെ ക. I ണ. 12-ം നിരക്കായിരുന്നു. മുളക്ക ആവശ്യം അധികരിച്ചതോടുകൂടി നിരക്കും കൂടി. തന്നിമിത്തം കൃഷിച്ചിലവു വർദ്ധിച്ചിട്ടുണ്ട്.

(c) വടക്കേഡിവിഷനിൽനിന്നും 1099-ൽ 6450-ം, 1100-ൽ 4000-ം ഇക്കൊല്ലം ഇതുവരെ 350-ം മുളകളും നീക്കംചെയ്തിട്ടുണ്ട്.

(d) വിളദോഷങ്ങളും സംഭവിക്കുന്നതു വള്ളി, തോല് മുതലായവ യഥാസൗകര്യം ലഭിക്കുന്നില്ല എന്ന ഏകകാരണത്താലല്ല. ഈ വിഷയത്തിൽ ഗവർമ്മെണ്ടിൽനിന്നും പാസ്സാക്കിയിരിക്കുന്ന ഉത്തരവിന്റെ ഒരു പ്രതി 6-ാം അനുബന്ധമായി ചേർത്തിട്ടുണ്ട്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂരി.

ഒന്നാമത്തെ മറുപടിയിൽ പറയുന്ന റെയിറ്റിൽ കൂട്ടി ഇപ്പോൾ ആക്കിലും മുള അനുവദിച്ചുകൊടുക്കുന്നുണ്ടോ?

പ്രസിഡണ്ട്.

എന്ത്; ഒന്നാമത്തെ മറുപടിയിൽ പറഞ്ഞ നിരക്കിൽ കൂട്ടി കൊടുക്കുന്നുണ്ടോ എന്നാണോ ചോദിച്ചത്?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂരി.

അതെ, പ്രത്യേക നിരക്കില്ലെന്നാണ് മറുപടിയിൽ പറയുന്നത്. അങ്ങനെ പ്രത്യേക നിരക്കിനു കൊടുക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ.

നേരിട്ട് ഉപയോഗിക്കുന്നവർക്ക്—ഒരു ലക്ഷവും മറ്റുമായി എടുക്കുന്നവരാണവർ.—പ്രത്യേക റെയിറ്റിനു കൊടുക്കുന്നുണ്ട്. അവർ കച്ചവടക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly

Statement showing the number of suits filed and disposed of in the Trichur District Court, under sections 22 & 23—25, 30 & 31, and 32 of the Cochin Tenancy Regulation.

Year	Total No. of suits filed under sections 22 & 23	Total No. of suits filed under sections 25, 30 & 31	Total No. of suits filed under section 32	Total No. of suits disposed of	No. of suits in which landlords succeeded	No. of suits in which tenants succeeded
1090	3	...	44	47	35	12
1091	5	...	41	46	39	7
1092	2	...	16	18	12	6
1093	9	...	20	29	27	2
1094	2	...	30	32	24	8
1095	1	...	19	20	13	7
1096	...	...	15	15	13	2
1097	...	...	17	17	16	1
1098	...	...	17	17	15	2
1099	1	...	14	14	11	3
1100	...	...	9	7	6	1
Total	23	...	242	262	211	51

APPENDIX VI.

(Vide Answer to Question No. 78.)

കൊച്ചി ദിവാൻജി അവർകളുടെ ഉത്തരവു്.

റെവന്യൂ ഡിപ്പാർട്ടുമെണ്ടു്.

(സപ്ലൈറോ റെവന്യൂ).

1922 സെപ്തമ്പർ 26-ാംനു യിലത്തെ 1097-ലെ സി. 1605-ാം നമ്പ്രായി മലവക കൺസർവേറരുടെ പക്കൽ നിന്നുമുള്ള താഴെ പറയുന്ന എഴുത്തു് വായിച്ചു.

"താഴെ വിവരിക്കുന്ന സംഗതികൾ ദിവാൻജി അവർകളെ ബോധിപ്പിക്കുകയും അവയെപ്പറ്റി വേണ്ട ഉത്തരവുകൾ കല്പിച്ചാൽ കൊള്ളാമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു.

ഇപ്പോൾ സംസ്ഥാനത്തെ നാനാഭാഗങ്ങളിലും പഞ്ചായത്തുകൾ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്. പഞ്ചായത്തുഡിപ്പാർട്ടുമെണ്ടിനേയും എൻറെ ഡിപ്പാർട്ടുമെണ്ടിനേയും സഹകരണംകൊണ്ടു് നാട്ടുപുറത്തു് കൃഷിസംബന്ധിച്ചുള്ള തും വീട്ടുപണിക്കു് വേണ്ടതും ആയ ചില്ലറ ആവശ്യതകൾ നിവർത്തിച്ചുകൊടുക്കുകയും തന്മൂലം വനദ്രോഹകുറ്റങ്ങൾ കുറക്കുകയും ആയവ ചെയ്തുപോയാൽ കണ്ടുപിടിക്കുന്നതു് സുകരമാക്കുകയും ചെയ്യാൻ സാധിക്കുമെന്നാണു് എൻറെ വിശ്വാസം. അവയെ ഭരമേൽപ്പിച്ചുകൊടുക്കുന്ന വനപ്രദേശങ്ങളുടെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

നേഷണം ചെയ്യുന്നതിനുള്ള അധികാരത്തോടുകൂടി മദിരാശി സംസ്ഥാനത്തിൽ മലവക പഞ്ചായത്തുകൾ ഏർപ്പെടുത്തീയിട്ടുണ്ട്. മിക്കസംഗതികളിലും ഇതിന്റെഫലം തൃപ്തികരമല്ല. മേൽപറഞ്ഞ കായ്ത്തോപ്പറി പ്രയാന മലവക കൺസർവെറേറായ മിസ്റ്റർ കോക്സ് താഴെ പറയുംപ്രകാരം എഴുതിയിരിക്കുന്നു:—അധികപക്ഷം സംഗതികളിലും കായ്ത്തരണം തീരെ അനുപയുക്തമാണ്. പഞ്ചായത്തുദാരന്മാർ ഒന്നിലൊ കായ്ത്തരണത്തിൽ യാതൊരു താല്പര്യവും കാണിക്കുന്നില്ല. അതല്ലെങ്കിൽ, തല്ക്കാലലാഭം കരുതി വനം നശിപ്പിക്കുന്നതിൽ തങ്ങളുടെ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നു. മലവക പഞ്ചായത്തുകൾ ഏർപ്പെടുത്തുകയും വനപ്രദേശങ്ങൾ രിക്ഷിക്കുവാൻ അവക്ക് വിട്ടുകൊടുക്കുകയും ചെയ്യേണ്ട ആവശ്യം നമുക്കില്ല. വില്ലേജുവളത്തുകളേപ്പറ്റി ദിവാൻ പേഷ്കാരുടെ അഭിപ്രായങ്ങൾ അറിഞ്ഞശേഷം, ദിവാൻജി അവർകൾക്ക് യുക്തമായി തോന്നുന്നപക്ഷം ആ സമ്പ്രദായം സ്വീകരിക്കുന്നതാണ്. വിനിയോഗിക്കുവാൻ എന്റെ അധികാരസീമയിൽപെടുന്ന വളത്തുകാടുകളെ സംബന്ധിച്ചേടത്തോളം മാത്രം നാട്ടുപുറത്തുകാരുടെ വീട്ടുപണിക്കുവേണ്ടതും കൃഷിസംബന്ധിച്ചുള്ളതും ആയ ചില്ലറ ആവശ്യങ്ങൾ നിവർത്തിക്കാവുന്നതാകുന്നു. സംസ്ഥാനത്തെ വളത്തുകാടുകൾക്കെല്ലാം പ്രവൃത്തിപരിപാടികൾ ക്രമത്തിൽ തയ്യാറാക്കിവരുന്നുണ്ട്. ആവക പരിപാടികൾ തയ്യാറാകുകയും ഗവർമേണ്ട് ആയവ അനുവദിക്കുകയും ചെയ്തുകഴിയുമ്പോൾ, നീക്കം ചെയ്യുവാനുദ്ദേശിച്ചിട്ടുള്ള ഉൽപന്നം എന്റെ ഡിപ്പാർട്ടുമേണ്ടിൽനിന്നും അടയാളപ്പെടുത്തി കൊടുക്കുന്നതും, എന്റെ ഡിപ്പാർട്ടുമേണ്ടിന്റെ മേലന്വേഷണത്തിൽ, ജനങ്ങൾക്ക് സ്വയം മുറിച്ച് നീക്കം ചെയ്യുവാൻ സമ്മതം നൽകുന്നതും ആകുന്നു. ഉൽപന്നം ആവശ്യപ്പെടുന്ന കക്ഷികളുടെ പേരുകൾ സഹിതം തന്റെ ആവശ്യപ്പട്ടിക ഓരോ കൊല്ലത്തിലും ചിങ്ങം 15-നു മുമ്പാക്കം, പഞ്ചായത്തുറജിസ്റ്റാർവഴിക്ക്, അയച്ചുതരുവാനായി വളത്തുകാടുകൾ സമീപിച്ചുള്ള ഓരോ പഞ്ചായത്തിലേയും അദ്ധ്യക്ഷനോട് അപേക്ഷിച്ചാൽ നന്നായിരിക്കും. അതിനുശേഷം വൃക്ഷങ്ങൾ അടയാളപ്പെടുത്തുന്നതും ആയവ മുറിച്ചു മാറുന്നതിന് അതാതുകക്ഷികൾക്ക് സമ്മതം നൽകുന്നതുമാകുന്നു. അങ്ങനെ നീക്കം ചെയ്യുന്ന ഉൽപന്നം അതിന്റെ ശരിയായ ആവശ്യത്തിനു ഉപയോഗപ്പെടുത്തുന്നുണ്ടെന്നും അല്ലാതെ, മാറി കൊടുക്കുകയൊ വില്ക്കുകയൊ ചെയ്യപോകുന്നില്ലെന്നും ഉള്ള സംഗതി ഉണ്ടുവെക്കുവാൻ പഞ്ചായത്ത് നിർബ്ബന്ധപ്പെട്ടിരിക്കണം. വിറകും, വേലിക്കുവേണ്ട മുള്ളും വള്ളികളും പച്ചിലവളവും വെറുതെ തലച്ചുമടായിനീക്കം ചെയ്യുന്നതു് ഇതിനു് മുമ്പിലത്തേപ്പോലതന്നെ അനുവദിക്കുന്നതും, എന്നാൽ, അതു് പഞ്ചായത്തിന്റെ അറിവോടുകൂടി വേണ്ടതും ആകുന്നു. ഇങ്ങനെ നീക്കം ചെയ്യുന്നതു് കൃഷിക്കാരുടെ യഥാർത്ഥ തനതുപയോഗത്തിനു് മാത്രവും അല്ലാതെ, ആദായം ഉണ്ടാക്കേണ്ടതിനല്ലാത്തതും ആയിരിക്കെ ഈ സമ്പ്രദായപ്രകാരം നീക്കുന്ന ഏതെങ്കിലും വനദ്രവ്യത്തിന്റെ അറ അളവു ക്ലിപ്പപ്പെടുത്തേണ്ടതാണ്. ക്ലിപ്പിലെ ആണ്ടിനാലുള്ള വിളവനുസരിച്ച് ഈ സമ്പ്രദായത്തിൽ കഴിയുന്നതു നാട്ടുപുറത്തുകാക്ക് ഉപകാരമെയ്തുകൊടുക്കാം. ഇപ്പോഴത്തെ സമ്പ്രദായപ്രകാരം ആണ്ടിനാലുള്ള ക്ലിപ്പുകൾ, നീക്കംചെയ്യേണ്ട വൃക്ഷങ്ങൾ അടയാളപ്പെടുത്തിയ ശേഷം വേലം വിളിച്ച് വില്ക്കുകയൊ, അല്ലെങ്കിൽ, നീക്കേണ്ട വൃക്ഷങ്ങൾ ഡിപ്പാർട്ടുമേണ്ടിൽ നിന്നും മുറിച്ചുകൂട്ടി വേലം വിളിച്ചുകൊടുക്കുകയൊ ആണ് ചെയ്തുവരുന്നതു്. ഏതുപ്രകാരത്തിലായാലും സാധുവായ വില്ലേജുകാരന് അയാളുടെ ചില്ലറ ആവശ്യങ്ങൾ നടത്തുവാൻ നിവൃത്തിയില്ലാതെയായിതീരു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. ഇങ്ങനെയാകയാൽ തനിക്ക് ഒഴിച്ചുകൂടാത്ത ആവശ്യതകൾ നിറവേറാണ്ടതിലേക്ക് അയാൾ വ്യാജം പ്രവർത്തിക്കുവാൻ നിർബ്ബന്ധിതനാകുന്നു. ഉദ്ദേശിച്ചിരിക്കുന്ന സമ്പ്രദായപ്രകാരമാണെങ്കിൽ അയാൾക്ക് വ്യാജം പ്രവർത്തിക്കുവാനുള്ള താല്പര്യംഇല്ലാതാകുന്നതും മേലിൽ ആവകക്ക് ഒരുമ്പെടുവാൻ അയാൾക്ക് യാതൊരു കാരണവും ഉണ്ടായിരിക്കാത്തതും ആകുന്നു. ഈതാലൂദേശത്തുള്ളവരും എല്ലാവില്ലേജുകാരേയും ഏറക്കുറെ അറിയുന്നവരും ആയ പഞ്ചായത്തുദാരന്മാർ ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് പകരമായി വ്യാജച്ചരക്ക് കടത്തുന്നതു നിർത്തൽ ചെയ്യുവാനും ഏതെങ്കിലും വ്യാജപ്രവൃത്തികൾ നടന്നാൽ അതു കണ്ടുപിടിക്കുകയും മലവക ഡിപ്പാർട്ടുമെണ്ടിലേക്ക് തെളിവുകൊടുക്കുകയും ചെയ്യുവാനും സമ്മതിച്ച് ഏൽക്കുകയും വേണം. അവരെ ഇതുയും മുമതലപ്പെടുത്തുന്നതു അധികമായിപ്പോകുമെന്ന് എനിക്ക് തോന്നുന്നില്ല. മുഖ്യമായി തീവെക്കുന്നതിൽനിന്നുണ്ടാകുന്നതായ കാട്ടുതീയുടെ സംഗതിയിലും കൂടി ആയതു നിർത്തൽ ചെയ്യുവാനും വല്ല തീയും ഉണ്ടായാൽ കുറ്റക്കാരെ കണ്ടുപിടിക്കുവാനും തങ്ങളുടെ സ്വാധീനശക്തികൾ ഉപയോഗപ്പെടുത്തിക്കൊള്ളാമെന്നും പഞ്ചായത്തുകാർ ഏല്ക്കണം. പഞ്ചായത്തുകൾ ഉള്ളതായ കാട്ടുപ്രദേശങ്ങളിലെ വേലകൾ നടത്തുന്നതിൽ മലവക ഡിപ്പാർട്ടുമെണ്ടിൽനിന്നും ആ വക വേലകൾ കഴിയുന്നതും പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതും, അവരുടെ സ്വന്തമേലിൽ തൊഴിലെടുക്കേണ്ട ആവശ്യം ഇല്ലാതെ വരുന്നകാലങ്ങളിൽ അവിടെയുള്ള വില്ലേജുകാർക്ക് വേലയുണ്ടാക്കിക്കൊടുക്കുവാൻ തന്മൂലം പഞ്ചായത്തുകാർക്ക് സാധിക്കുന്നതും ആകുന്നു. ഇങ്ങനെ ഇതിനാൽ ആലോചിക്കുന്ന സമ്പ്രദായം കൊണ്ട് പ്രവൃത്തിപരിപാടികളിലെ നിശ്ചയങ്ങൾ ലംഘിക്കുകയൊ, മലവക മുതലെടുപ്പിന് കായ്മായ ഊനം തട്ടുകയൊ ചെയ്യുന്നില്ല. ഇതുകൊണ്ട് ആദായമുണ്ടാക്കുവാനുള്ള ഏക ഉദ്ദേശത്തോടുകൂടിയ തടിക്കച്ചവടക്കാരേക്കാൾ മുന്നവകാശം സ്ഥാനഭ്രഷ്ട കൃഷിക്കാർക്ക് കൊടുക്കുകയും, കാട്ടുകൾക്ക് അധികസംരക്ഷണം സിദ്ധിക്കുകയും, മലവക വേലകൾക്ക് കൂലി മുടങ്ങിവരുവാനിടയാകുകയും, വനങ്ങൾ തന്റെ സ്വത്തുക്കൾ തന്നെയാണെന്നും അവ തന്റെ ഗുണത്തിനു തന്നെ വേണ്ടിയാണ്, അല്ലാടത തനിക്കു ഉപദ്രവം തട്ടേണ്ടതിനല്ല, വേണ്ടുംപ്രകാരം ഭരിക്കുന്നതു എന്നും ഉള്ള ബോധം വില്ലേജുകാരനു സ്വാഭാവികമായി ഉണ്ടായി വരുകയും ചെയ്യുന്നതാണ്. ഇപ്രകാരം ഈ സംഗതി മുഴുവൻ വ്യക്തമായി പറഞ്ഞതായി ഞാൻ വിചാരിക്കുന്നു."

2. 1923 ജൂൺ 20-ാംനു യിലത്തെ 98-ലെ സി. 465-ാം നമ്പായി കൃഷിപഞ്ചായത്തു സൂപ്രഡേണ്ടിന്റെ പക്കൽ നിന്നുമുള്ള എഴുത്ത് വായിച്ചു.

3. 1923 ജൂലായി 9-ാംനു യിലത്തെ 98-ലെ എ. 1302-ാംനമ്പായി സബ്കലക്ടരുടെ പക്കൽ നിന്നുമുള്ള അറിയിപ്പും വായിച്ചു.

1923 ജൂലായി 23-ാംനു യിലത്തെ 98-ലെ സി. 1094-ാം നമ്പായുള്ള ഉത്തരവു.

മലവക കൺസർവേറർ കൊണ്ടുവന്ന ആലോചന ഗവർമ്മെണ്ടിൽ നിന്നും സമ്മതിച്ചിരിക്കുന്നു. ആ സമ്പ്രദായം ഏതായാലും താഴെ പറയുന്ന പ്രത്യേകപഞ്ചായത്തുകളിൽ ഏർപ്പെടുത്തി പരീക്ഷിക്കുക തന്നെ.

പഞ്ചായത്തുകളുടെ പേർ.	വില്ലേജുപേരുകൾ.
1. വരന്തരപ്പള്ളി ഗ്രൂപ്പ്.	വരന്തരപ്പള്ളി. നന്തിപുലം. മുപ്പിളിയം. ആമ്പല്ലൂർ.

LIBRARY ARCHIVES Kerala Legislative Assembly

2. തൃക്കൂർ ഗ്രൂപ്പ്	കല്ലൂർ. തൃക്കൂർ. നെന്മിണിക്കര.
3. മേലൂർ ഗ്രൂപ്പ്	മേലൂർ മരിങ്ങൂർ വടക്കുംമുറി.
4. മേലാക്കര ഗ്രൂപ്പ്.	മേലാക്കര. തൊണ്ണൂക്കര. പുലക്കോട്ട്. കിള്ളിമംഗലം. വേങ്ങാനെല്ലൂർ. കുറുമല. വങ്ങാരപ്പിള്ളി.
5 പാഞ്ഞാൾ ഗ്രൂപ്പ്.	പാഞ്ഞാൾ. പൈങ്കുളം. നെടുമ്പുര ചെറുതുരുത്തി. ആറ്റൂർ.
6. കരിയന്നൂർ ഗ്രൂപ്പ്.	കരിയന്നൂർ നെല്ലുവായ്. തയ്യൂർ. കോട്ടപ്പുറം. ചിറമ്മൽ.
7. അയലൂർ ഗ്രൂപ്പ്.	അയലൂർ. കൈരാടി. തിരുവഴിയാട്ട്.

വിറകും, പച്ചില വളവും, വേലിക്കുള്ള വള്ളികളും ഇതിനു് മുമ്പിലത്തെപ്പോലെ തന്നെ വെറുതെ തലച്ചുമടായി കൊണ്ടുപോകുവാൻ അനുവദിക്കുന്നതിനേയും എന്നാൽ അതു പഞ്ചായത്തിന്റെ അറിവോടു കൂടി വേണമെന്നുള്ളതിനേയും പറിയുള്ള ആലോചനയും സമ്മതിച്ചിരിക്കുന്നു.

3. മേൽ അനുവദിച്ചിരിക്കുന്ന എളവുപ്രകാരം വനദ്രവ്യം കടത്തുന്നതിനു് കൂടുതൽ അളവു് ക്ലിപ്പപ്പെടേണ്ടതു് ആവശ്യംതന്നെയാണു്. ഈകാര്യത്തിൽ ക്ലിപ്പും എത്രത്തോളംആകാമെന്നുള്ളതു കൃഷിപഞ്ചായത്തു് സൂപ്രഡേണ്ടിനോടു കൂടി ആലോചിച്ച ശേഷം മലവക കൺസർവേറ്റർ റിപ്പോർട്ടയച്ചുകൊള്ളുന്നതാണു്.

4. അനുവദിച്ചുകൊടുത്തിരിക്കുന്ന എളവുകൾ ദുരുപയോഗപ്പെടുത്തുന്നില്ലെന്നും, വാണിജ്യപ്രവൃത്തികൾ നിർത്തുന്നതിലും, വനദോഹികൾക്കുള്ള കണക്കുപറ്റിക്കുകയും തെളിവു് രേഖപ്പെടുത്തുകയും ചെയ്യുന്നതിലും, മിക്കപ്പോഴും തീവെക്കുന്നതുകൊണ്ടുണ്ടാകുന്നതായ കാട്ടുതീ കെടുത്തുന്നതിലും മലവക ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുമായി പഞ്ചായത്തുദാരന്മാർ വിശ്വസ്തതയോടുകൂടി സഹകരിക്കുമെന്നും ഗവർമ്മെണ്ടു് വിശ്വസിക്കുന്നു.

(നേർമുതുക്കം.)

പി. മാധവമേനോൻ,

ദിവാൻ സിക്രട്ടെരി.

മലവക കൺസർവേറക്കു്.

കൃഷിപഞ്ചായത്തു സൂപ്രഡേണ്ടിനു് (95 വിശേഷാൽ വകയ്ക്കുകളോടു കൂടി).

സ്വായികായ്ക്കാക്കു്.

LIBRARY ARCHIVES Kerala Legislative Assembly